# സംയോജിത ശിശു സംരക്ഷണ പദ്ധതി

**സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ**

**(സാന്നിദ്ധ്യം: ശ്രീമതി. അനുപമ റ്റി. വി. IAS, ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്)**

**വിഷയം:** വനിതാ ശിശു വികസന വകുപ്പ് – ICPS-SARA- ശിശുഭവൻ സിസ്റ്റേഴ്സ് ഓഫ് നസ്രത്ത്, പാദുവപുരം, എറണാകുളം - 2019-20 സാമ്പത്തിക വർഷത്തെ ഗ്രാന്റ് തുക അനുവദിച്ച് - ഉത്തരവാകുന്നു.

**പരാമർശം:**

1. ശിശുഭവൻ സിസ്റ്റേഴ്സ് ഓഫ് നസ്രത്ത്, പാദുവപുരം, എറണാകുളം എന്ന SAA യുടെ 19.03.2019 -ലെ അപേക്ഷ.
2. എറണാകുളം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ 18.09..2020 -ലെ ഡി.സി.പി.യു/ഇ/447/19 നമ്പർ കത്ത്.
3. കേന്ദ്ര സർക്കാർ ഉത്തരവ് നമ്പർ F. No. CW-II-22/30/2015-CW-II തീയതി, 29.01.2020
4. 04.02.2021 തീയതിയിലെ വർക്കിംഗ് ഗ്രൂപ്പിന്റെ മിനിട്സ്.
5. 22.02.2021 തീയതിയിലെ സ.ഉ(സാധാ.)183/2021 സാ.നീ.വ.

## ഉത്തരവ് നമ്പർ - ICPS-SARA/2621/2020 തീയതി: 04.03.2021

വനിതാ ശിശു വികസന മന്ത്രാലയവും, സംസ്ഥാന വനിതാ ശിശു വികസന വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ശിശു സംരക്ഷണ പദ്ധതി, 2019-20 സാമ്പത്തിക വർഷം അംഗീകൃത ദത്തെടുക്കൽ സ്ഥാപനങ്ങൾക്ക് അനുവദിച്ചുവരുന്ന ഗ്രാന്റ് ലഭിക്കുന്നതിന് എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന ശിശുഭവൻ സിസ്റ്റേഴ്സ് ഓഫ് നസ്രത്ത്, പാദുവപുരം എന്ന അംഗീകൃത ദത്തെടുക്കൽ സ്ഥാപനം പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ആയതുപ്രകാരം സ്ഥാപനത്തിന്റെ പ്രവർത്തനം വിലയിരുത്തി എറണാകുളം ജില്ലാ ശിശു സംരക്ഷണ ഓഫീസർ പരാമർശം (2) പ്രകാരം മൊത്തം തുകയായ 12,28,500/- രൂപയിൽ നിന്നും 10% എൻ.ജി.ഒ. വിഹിതമായ 1,22,850/- രൂപ കുറച്ച് ബാക്കി വരുന്ന തുകയായ 11,05,650/- രൂപ അനുവദിക്കാമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്.

എന്നാൽ കേന്ദ്ര സർക്കാർ, എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന ശിശുഭവൻ സിസ്റ്റേഴ്സ് ഓഫ് നസ്രത്ത്, പാദുവപുരം എന്ന സ്ഥാപനത്തിന് പരാമർശം (3) പ്രകാരം ഫണ്ട് അനുവദിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ടി സ്ഥാപനം 2015 ലെ ബാലനീതി നിയമവും 2017 ലെ അഡോപ്ഷൻ റഗുലേഷൻ പ്രകാരവും 6 വയസ്സിനു താഴെയുള്ള കുട്ടികളെ CWC യുടെ ഉത്തരവു പ്രകാരം സംരക്ഷിച്ചുവരുന്നതിനാൽ ടി സ്ഥാപനത്തിന് ഗ്രാന്റ് അനുവദിക്കുന്നതിന് സർക്കാരിന്റെ ഗവ: NGO partnership ശീർഷകമായ 2235-02-103-58P ൽ നിന്ന് തുക അനുവദിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പിൽ അപേക്ഷ സമർപ്പിക്കുകയും പരാമർശം (4) പ്രകാരമുള്ള യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ 2019-20 വർഷത്തെ ഗ്രാന്റായ 11,05,650/- രൂപ ടി സ്ഥാപനത്തിന് ഗവ: NGO partnership ശീർഷകമായ 2235-02-103-58P ൽ നിന്ന് അനുവദിക്കുന്നതിന് പരാമർശം (5) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ അംഗീകൃത ദത്തെടുക്കൽ സ്ഥാപനമായ ശിശുഭവൻ സിസ്റ്റേഴ്സ് ഓഫ് നസ്രത്ത്, പാദുവപുരം, എറണാകുളം എന്ന സ്ഥാപനത്തിന് 2019-20 സാമ്പത്തിക വർഷത്തെ DCPO ശുപാർശ ചെയ്ത മൊത്തം തുകയായ 12,28,500/- രൂപയിൽ നിന്നും 10% എൻ.ജി.ഒ. വിഹിതമായ

1,22,850/- രൂപ കുറച്ച് ബാക്കി വരുന്ന തുകയായ 11,05,650/- രൂപ (പതിനൊന്ന് ലക്ഷത്തി അയ്യായിരത്തി അറുന്നൂറ്റി അൻപത് രൂപ മാത്രം) ഗ്രാന്റായി അനുവദിച്ച് ഉത്തരവാകുന്നു.

ടി തുക ബാലനീതി നിയമ പ്രകാരം തൃപ്തികരമായി പ്രവർത്തിക്കുന്ന NGO കൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിനുവേണ്ടിയുള്ള ഗവ: NGO partnership ശീർഷകമായ 2235-02-103-58P ൽ നിന്നും Provincial superior and sister-in-charge, Catholic Syrian Bank, Edakunnu, 0122-03240380-190001, IFS Code: CSBK0000122 എന്ന അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ഓഫ് ക്രെഡിറ്റ് ചെയ്തു നൽകേണ്ടതാണ്.

സ്ഥാപന മേധാവി ടി തുക കൈപ്പറ്റിക്കൊണ്ടുള്ള രസീത്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

വനിതാ ശിശു വികസന ഡയറക്ടർ &
മെമ്പർ സെക്രട്ടറി, സാരാ

സൂപ്രണ്ട്
ശിശുഭവൻ സിസ്റ്റേഴ്സ് ഓഫ് നസ്രത്ത്, പാദുവപുരം , എറണാകുളം

പകർപ്പ്:-

1. ജില്ലാ ശിശു സംരക്ഷണ ഓഫീസർ, എറണാകുളം
2. സൂപ്രണ്ട്, എ സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിനു വേണ്ടി)
3. സൂപ്രണ്ട്, ബി സെക്ഷൻ
4. ഐ.സി.പി.എസ്. 4
5. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം,

സൂപ്രണ്ട്